# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5778

03-11-2016 ലെ
മറുപടി

## വരൾച്ച നേരിടുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | റെക്കോർഡ് മഴക്കുറവിനെത്തുടർന്ന് സംസ്ഥാനം കൊടും വരൾച്ചയിലേക്ക് നീങ്ങുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ നദികളിലും നീരൊഴുക്ക് കുറയുകയും ജല സംഭരണികളിൽ ജലവിതാനം താഴ്ന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിൽ ലഭിക്കേണ്ടിയിരുന്ന ശരാശരി കാലവർഷ മഴയുടെ അളവിൽ 34 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സമീപ കാലത്തെ ഏറ്റവും വലിയ കുറവാണിത്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് (59%) അനുഭവപ്പെട്ടിട്ടുള്ളത്. ഇത് കണക്കിലെടുത്ത് ലഭ്യമായ ജലം പാഴാക്കാതെ ഗാർഹിക, കാർഷിക ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള മുൻ കരുതൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ജലസേചന വകുപ്പിലെ ജില്ലാതല ആഫീസർമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് (ചെറുകിട ജലസേചനം/വൻകിട ജലസേചനം) നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി ഭൂജല വകുപ്പ് നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുമുള്ള ജലവിതാനവും, വെള്ളത്തിന്റെ സാമ്പിളുകളും ശേഖരിച്ച് പഠന |

| | | | |
|---|---|---|---|
| | | | വിധേയമാക്കുന്നുണ്ട്. ഇതിൽ നിന്നും സംസ്ഥാനത്ത് ഭൂജലനിരപ്പ് സ്ഥിരമായി കുറയുന്നതായി കാണുന്നില്ല. നേരിയ കുറവ് ഭൂരിഭാഗം തുറന്ന കിണറുകളിലും അനുഭവപ്പെടുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് മൺസൂൺ മഴയുടെ അളവിൽ കുറവ് വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.<br>ജലനിധി പഞ്ചായത്തുകളിൽ വരൾച്ചാ സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഭൂജലപരിപോഷണം നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വരൾച്ച നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കടുത്ത വരൾച്ച മുന്നിൽ കണ്ടുകൊണ്ട് ജല അതോറിറ്റി താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജല ലഭ്യത ഉറപ്പുവരുത്തുക.<br>2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.<br>3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.<br>6. റവന്യൂ, തദ്ദേശസ്വയം ഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുക.<br>7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി നടത്തുക.<br><br>8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക.<br><br>9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുക.<br><br>10. പണികൾ അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.<br><br>ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.<br><br>തുലാവർഷക്കാലത്ത് ലഭിക്കുമെന്ന് കരുതുന്ന മഴവെള്ളം സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്ന-തിനായി കുളങ്ങളുടെ നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം, നബാർഡ് ധനസഹായ-ത്തോടെയുള്ള ചെറുകിട-ഇടത്തര ജലസേചന പ്രവൃത്തികൾ, തടയണ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം എന്നിവ കൂടാതെ കനാലുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കി ലഭ്യമായ ജലം പാഴാക്കാതെ ഗാർഹിക, കാർഷിക ആവശ്യത്തിന് വിതരണം നടത്തുന്നതിനും ജലസേചന വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനു പുറമെ, സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ എന്നിവ നീർത്തടാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനും ലക്ഷ്യമിടുന്നു.<br><br>വരൾച്ച നേരിടുന്നതിന് ചെറുകിട കുടിവെള്ള പദ്ധതികൾ ഹാന്റ് പമ്പ് സ്കീമുകൾ കുഴൽ കിണർ/ ട്യൂബുവെൽ നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കൃത്രിമ ഭൂജലസംപോഷണ |

| | | | |
|---|---|---|---|
| | | | മാർഗ്ഗങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടുന്നതിനു വേണ്ടി വകുപ്പ് അവലംബിച്ചു വരുന്നു.<br>ജലനിധിയുടെ എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശമനുസരിച്ച് ഭൂഗർഭജല പരിരക്ഷയും, പുനരുജ്ജീവനവും നടത്തി വരുന്നു. അതിന്റെ ഭാഗമായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ജലസുരക്ഷ ഉറപ്പു വരുത്തുന്നു. ഇതിനു വേണ്ടി തടയണകൾ, ചെക്ക് ഡാമുകൾ, ജലസംരക്ഷണ ഭിത്തികൾ (കോണ്ടൂർ ബണ്ടുകൾ), റൂഫ് വാട്ടർ, വെൽ റീചാർജ്ജ്, മണ്ണിനടിയിൽ തടയണകൾ, കുളങ്ങളുടെ സംരക്ഷണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. |
| (സി) | വെള്ളം അധികമുള്ള ഡാമുകൾ, നദികൾ എന്നിവയിൽ നിന്ന് വെള്ളം കുറഞ്ഞ ഡാമുകൾ, നദികൾ എന്നിവയിലേക്ക് വെള്ളം പമ്പ് ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (സി) | കെ.എസ്.ഇ.ബി.യുടെയും ജലവിഭവ വകുപ്പിന്റെയും നിയന്ത്രണത്തിനുള്ള ജല സംഭരണികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് രണ്ടു വകുപ്പുകളുടെയും ഏകോപനത്തിന് സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>മുൻ വർഷം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കല്ലട ജലസേചന പദ്ധതിയിൽ നിന്ന് കനാൽമാർഗ്ഗം ശാസ്താംകോട്ട കുടിവെള്ള പദ്ധതിയ്ക്ക് ജലം എത്തിച്ചു നൽകിയതു വഴി കൊല്ലം പട്ടണത്തിലെയും സമീപ ഗ്രാമപഞ്ചായത്തുകളിലെയും കുടിവെള്ള വിതരണം സുഗമമായി നിർവ്വഹിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ